കണ്ണൂർ ജില്ലയിലെ ഗ്രാമീൺ റോസ്ഗാർ യോജന പദ്ധതി

133 [2743] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിലെ പശ്ചാത്തല വികസനത്തിനും, സാമൂഹിക സാമ്പത്തിക വികസനത്തിനുതകുന്ന ആസ്തികം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഓരോ ജില്ലയ്ക്കും അനുവദിച്ചു നൽകിയ തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ ഇതനുസരിച്ച് അനുമതി ലഭ്യമാക്കിയ വികസന പ്രവർത്തനങ്ങളും സംബന്ധിച്ചും, അനുമതിക്കായി പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുള്ള പദ്ധതികളും സംബന്ധിച്ചുമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) എസ്. ജി. ആർ. വൈ. പദ്ധതി പ്രകാരം കേരളത്തിന് 2005-06 വർഷത്തേക്ക് കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 4148.74 ലക്ഷം രൂപ ലഭിച്ചു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	311.52	ലക്ഷം രൂപ
കൊല്ലം	..	298.13	,,
പത്തനംതിട്ട	..	180.47	,,
ആലപ്പുഴ	..	209.37	,,
കോട്ടയം	..	193.04	,,
ഇടുക്കി	..	350.60	,,
എറണാകുളം	..	257.21	,,
തൃശ്ശൂർ	..	411.14	,,
പാലക്കാട്	..	465.30	,,
മലപ്പുറം	..	392.03	,,
കോഴിക്കോട്	..	379.20	,,
വയനാട്	..	233.60	,,
കണ്ണൂർ	..	218.64	,,
കാസർഗോഡ്	..	248.49	,,
ആകെ	..	4148.74	,,

(സി) എസ്. ജി. ആർ. വൈ. പദ്ധതി തൃതല പഞ്ചായത്തുകളും മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതും അനുമതി നൽകുന്നതും തൃതല പഞ്ചായത്തുകളാണ്. സർക്കാർ തലത്തിൽ പ്രൊപ്പോസൽ വാങ്ങി അനുമതി നൽകേണ്ട ആവശ്യം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly